സ്കൂൾ കലോത്സവങ്ങളിലെ ഗ്രേഡിംഗ് മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ നടപടി

9 [*164] ശ്രീ. തോമസ് ചാഴികാടൻ :
,, റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവങ്ങളിലെ ഗ്രേഡിംഗ് മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രധാനമായ എന്തെല്ലാം കാര്യങ്ങളിലാണ് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ജില്ലാതല അപ്പീൽ കമ്മിറ്റികളെ ഒഴിവാക്കി ജില്ലയിൽ ഒന്നാം സ്ഥാനം ലഭിച്ചവരെ മാത്രം സംസ്ഥാന തലത്തിൽ പങ്കെടുപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഒരു ജില്ലയിൽ നിന്നും ഒന്നാം സ്ഥാനം ലഭിച്ച ഒരു കുട്ടിയെ മാത്രമേ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കാവൂ എന്ന് വ്യക്തമായി നിർദ്ദേശിക്കാറുണ്ട്. നിലവിലുള്ള അപ്പീൽ കമ്മിറ്റികളെ ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ക്രമക്കേടുകൾ

10 [*165] ശ്രീ. മഞ്ഞളാംകുഴി അലി :
,, കോടിയേരി ബാലകൃഷ്ണൻ :
,, കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2002-ലും 2004 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും നിത്യോപയോഗ സാധനങ്ങൾ വാങ്ങിയതിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം വല്ലതും നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു രീതിയിലുള്ള അന്വേഷണമാണ് നടത്തിയത്;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly